LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം എറണാകുളം റെയിൽവെ

*൪൪൫ (൧൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊല്ലം-എറണാകുളം റയിൽവെ ഉടനെ തുടങ്ങുവാനുള്ള സാദ്ധ്യതകളുണ്ടോ?

(ബി) ഈ റെയിൽവെ പണിക്കു തിരുവിതാംകൂർ–കൊച്ചി ഗവണ്മെണ്ടിനു് എന്തു ചിലവുവരും.

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്) : (എ) ഇതിനു ഉത്തരം നേരത്തെപറഞ്ഞിട്ടുണ്ടു്.

(ബി) ഇതിനുവേണ്ടി വരുന്ന ചെലവെല്ലാം കേന്ദ്രഗവണ്മെണ്ടാണു് വഹിക്കുന്നതു്.

നെയ്യാർഅണ

*൪൪൯ (൧൯) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നെയ്യാർ അണയുടെ ജോലി എന്നു തുടങ്ങി?

(ബി) ഈ അണയുടെ പണിക്കു് എന്തു തുക ചിലവാകും.

(സി) ഈ തുക കഴിഞ്ഞ ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു്?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്) : ൨൪-ാംനം- യിലെ ൧൧-ാംനമ്പർ ചോദ്യത്തിൽ ഇതിന്റെ മറുപടി പറഞ്ഞിട്ടുണ്ടു്.

ട്രാൻസ്പോർട്ട് ജീവനക്കാക്കു ബോണസു്

*൪൫൦ (൨൦) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ൧൯൪൭, ൧൯൪൮, ൧൯൪൯ ഈ വർഷങ്ങളിൽ സ്റ്റേറ്റു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽ നിന്നും ബോണസു് കൊടുത്ത തുക എത്ര വീതം?

(ബി) ഇതു് വരവിന്റെ എത്ര ശതമാനം? ലാഭത്തിന്റെ എത്ര ശതമാനം?

(സി) ഒരു വർഷം ജോലിചെയ്ത ഒരു കൺഡക്ടർക്കു് എന്തു തുക ബോണസു് നൽകിയിട്ടുണ്ടു്?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്). (എ) ൧൯൪൭-ൽ ൧൬,൯൯൦ രൂപയും, ൧൯൪൮-ൽ, ൧,൩൫ ൧,൪൧൪ രൂപയും, ൧൯൪൯-ൽ ൧,൪൩൨,൩൫൧൧ രൂപയും ബോണസുകൊടുത്തു.

(ബി) ൪൭-ൽ, വരവിന്റെ ൨·൯ ശതമാനവും, ൪൯-ൽ, ൨.൧൨ ശതമാനവും, ൫൦-ൽ, ൧·൭ ശതമാനവും ൪൭-ൽ, ലാഭത്തിന്റെ ൭·൫ ശത

മാനവും, ൪൯-ൽ, ൭.൫ ശതമാനവും, ൫൦-ൽ, ൭.൫ ശതമാനവുമാണ്.

(സി) ഇതിനെപ്പറ്റി കൃത്യമായ സംഖ്യ പറയാൻ നിവൃത്തിയില്ല. ഒരു കൺഡക്ടർക്ക് ഒരു കൊല്ലത്തേക്ക് കൊടുക്കുന്ന ബോണസ് ആ കൊല്ലത്തിൽ അയാൾക്ക് ആകെ കിട്ടിയിട്ടുള്ള ശമ്പളത്തിന്റെയും, ഓവർ ടൈം അലവൻസിന്റെയും സംഖ്യയെ ആശ്രയിച്ചിരിക്കും.

ശ്രീ. വി. ഗംഗാധരൻ നായർ : ബോണസ് ഓരോ ആണ്ടിലും കുറഞ്ഞു കുറഞ്ഞു വരാനുള്ള കാരണമെന്താണ്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : പ്രധാനമായ കാരണം എംപ്ലോയിസിന്റെ ശമ്പളക്രമം വർദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ്. കൂടാതെ, ട്രാൻസ്ഫോർട്ട് ഡിപ്പാർട്ടുമെണ്ടിലേക്ക് കൂടുതൽ ആളുകളെ നിയമിച്ചിട്ടുള്ളതും ഒരു കാരണമാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള : ഓരോ കൊല്ലവും ഡിപ്പാർട്ട്മെണ്ടിന്റെ വരവു കൂടിയിട്ടില്ലേ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : വരവു കൂടിയിട്ടുണ്ട്; അതുപോലെ ചെലവും കൂടിയിട്ടുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : ഓരോ കൊല്ലവും ലാഭത്തിന്റെ ശതമാനം എത്രാണ്ടു തുല്യമായിരിക്കെ ബോണസുമാത്രം കുറയുന്നതിനുള്ള കാരണമെന്താണ്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : പറയത്തക്ക വിധത്തിൽ ബോണസു കുറഞ്ഞിട്ടില്ല. ശമ്പളത്തോതു വർദ്ധിപ്പിച്ചപ്പോൾ ക്രമാനുഗതമായി ഓരോരുത്തക്കും കിട്ടുന്ന ബോണസു കുറഞ്ഞുപോയി എന്നേയുള്ളൂ.

ശ്രീ. വി. ഗംഗാധരൻ നായർ : ശമ്പളത്തോതു വർദ്ധിപ്പിച്ചാലും ഓരോരുത്തക്കും കിട്ടുന്ന ബോണസ് കുറഞ്ഞു പോയതിന്റെ കാരണമെന്താണ്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അങ്ങനെ കുറഞ്ഞിട്ടില്ല. കിട്ടിവരുന്ന ശമ്പളത്തിന്റെയും അലവൻസിന്റെയും ൭.൫ ശതമാനം ബോണസ് കൊടുക്കുന്നുണ്ട്.

ശ്രീ. വി. ഗംഗാധരൻ നായർ : എന്നിട്ട് ഓരോ ആണ്ടിലും ബോണസു കൊടുക്കുന്ന തുക ആകെ മൊത്തം കുറയുന്നതിനുള്ള കാരണം എന്താണ്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : കൂടുതൽ ജോലിക്കാരെ നിയമിച്ചതാണ് അതിനുള്ള പ്രധാനകാരണം. അതുകൊണ്ടാണ് ഓരോരുത്തനും കിട്ടുന്ന തുക കുറഞ്ഞു പോകുന്നത്. മുൻപ് ബസ്സുകളും കുറവും യാത്രക്കാർ കൂടുതലും ആയിരുന്നു എന്നുള്ളതും ഇതിനൊരു കാരണമാണ്.

ശ്രീ. ആർ. ശങ്കർ : ഇതിന്റെ അർത്ഥം ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെണ്ടിൽ ആണ്ടുതോറും ആദായം കുറഞ്ഞു കുറഞ്ഞു വരുന്നു എന്നാണോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതു ഞാൻ പറഞ്ഞ ഉത്തരത്തിൽനിന്നു തന്നെ കാണാം. ൪൫-ലെയും ൫൦-ലെയുംലാഭം തമ്മിൽ എത്രാണ്ട് ഒരു ലക്ഷംരൂപയുടെ വ്യത്യാസമുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള : കൂടുതൽ ജോലിക്കാരെ നിയമിച്ചതനുസരിച്ചു അവർക്കു ജോലി ചെയ്യേണ്ടതായ സമയം കുറച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതു എപ്പോഴും എട്ടു മണിക്കൂർ സമയമാണ്.

LIBRARY ARCHIVES Kerala Legislative Assembly